പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3791 — 19.02.2013 ൽ മറുപടിക്ക്

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരാതിപ്പെട്ടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, എ .റ്റി . ജോർജ്<br>,, വി. പി. സജീന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിന് ആഭ്യന്തര വകുപ്പ് പദ്ധതിയിട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും ജനമൈത്രി സുരക്ഷാപദ്ധതിയുടെയും, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും നേതൃത്വത്തിൽ സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള അനാശാസ്യ പ്രവർത്തനങ്ങൾ, ലഹരി വസ്തുക്കളുടെ ഉപഭോഗം തുടങ്ങിയ പ്രവർത്തനങ്ങൾ അധികാരികളുടെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനായിട്ടാണ് പ്രസ്തുത പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളത്. |
| (സി) ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ പരിഹാരം കാണുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ? | (സി) പരാതിപ്പെട്ടികൾ ആഴ്ചയിലൊരിക്കൽ അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെയും, സ്കൂൾ പ്രിൻസിപ്പൾമാരുടെയും സാന്നിദ്ധ്യത്തിൽ തുറക്കുകയും, പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ